ഭൂമിയില്ലാത്ത കർഷകതൊഴിലാളികളുടെ അപേക്ഷ.

132. [24] ശ്രീ. പി. ആർ. മാധവൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരകാര്യ മന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്നത്തൂർ പകുതിയിൽ സർവ്വെ 489-3 നമ്പർ സർക്കാർ പുറമ്പോക്കിൽ അടകൂടികിടപ്പുകാരായ 7 കർഷകതൊഴിലാളികൾക്ക് പ്രസ്തുത ഭൂമി പട്ടണമെന്നു കാണിച്ച് ഒരു നിവേദനം 9-2-1955-ൽ ഗവണ്മെൻറിനു കിട്ടിയിട്ടുണ്ടോ; ആ സംഗതി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നു 24-2-1955-ൽ ഗവണ്മെൻറ് മറുപടി നൽകിയിട്ടുണ്ടോ; അതിന്മേൽ എന്തു നടപടി നടത്തി ?

ഉത്തരം.

കുന്നത്തൂർ പകുതിയിൽ സർവ്വെ 489-3 നമ്പർ പുറംപോക്കിലെ കുടികിടപ്പുകാരിൽനിന്നും ഒരു നിവേദനവും കിട്ടിയിട്ടില്ല. എന്നാൽ ടി പകുതിയിൽ സർവ്വെ 469-3-ാം നമ്പർ പുറംപോക്കിലെ പ്രവേശനക്കാരിൽനിന്നു പ്രസ്തുതസ്ഥലം താമസത്തിനു കിട്ടണമെന്നു കാണിച്ച് ഒരു നിവേദനം കിട്ടിയിട്ടുണ്ട്.

ആ സംഗതി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നു 24-2-1955-ൽ ഒരു മറുപടിയും കൊടുത്തിട്ടുണ്ട്.

സ്ഥലം കുത്തകപ്പാട്ടം കൊടുക്കാൻ പാടില്ലെന്നു പി. ഡബ്ലിയു. ഡി. അഭിപ്രായപ്പെട്ടതിനാൽ പ്രവേശനം ഒഴിപ്പിക്കാനുള്ള നടപടി നടത്തിവരുന്നു.

പിക്കറ്റ് ചെയ്യാനുള്ള അവകാശം.

133. [26] ശ്രീ. പി. ആർ. മാധവൻപിള്ള : താഴെ കാണുന്ന ചോദ്യത്തിനു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായശാലകളുടെ മുമ്പിൽ പിക്കറ്റ് ചെയ്യാനുള്ള തൊഴിലാളികളുടെ മൗലികാവകാശം ഇംഗ്ലണ്ടിലും അമേരിക്കയിലും അംഗീകരിച്ചിട്ടുണ്ടോ ;

(ബി) എന്തുകൊണ്ട് ആ മൗലികാവകാശം ഇവിടെ അംഗീകരിച്ചിട്ടില്ല ?

ഉത്തരം.

(എ) അംഗീകരിച്ചിട്ടുള്ളതായി അറിവില്ല.

(ബി) പിക്കറ്റിംഗ് ഒരു മൗലികാവകാശമായി ഒരു നിയമവും അംഗീകരിച്ചതായി കാണുന്നില്ല.

UNSTARRED QUESTIONS POSTED FOR ANSWERS ON 19-3-1955

Anglo-Indian Teachers.

134. [1] **Shri A. A. D. Luiz :** Will the Chief Minister be pleased to state the number and names of Anglo-Indian Teachers working in schools conducted by the Department of Education?

Answer.

The information is being collected.

LIBRARY ARCHIVES Kerala Legislative Assembly